# അക്ഷര്യ

## ഡിജിറ്റൽ മാഗസിൻ

## വൈ.എം.ജി.എച്ച്.എസ്

കൊല്ലങ്കോട്

# എഡിറ്റോറിയൽ

'ലിറ്റിൽ-കൈറ്റ്സ്' കുട്ടികളൊരുക്കുന്ന 'അക്ഷര്യ' മാസികയാണിത്.നമ്മുടെ മാതൃഭാഷയായ മലയാളത്തിലെ വ്യത്യസ്ത കഥകളും,കവിതകളും,ലേഖനങ്ങളെക്കുറിച്ചുമാണ് ഈ മാസികയിലുള്ളത്.ഇത് കൂടാതെ പൊതുവായ അറിവിനായി ഇംഗ്ലീഷ്,ഹിന്ദി എന്നീ ഭാഷകളും ഈ മാസികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

'ലിറ്റിൽ-കൈറ്റ്സ്' യൂണിറ്റിലെ എല്ലാ അംഗങ്ങളും ചേർന്ന് ഒരുക്കിയ മാസികയാണ് 'അക്ഷര്യ'.വായനക്കാരെ കൂടുതൽ ആകർഷിക്കുന്ന രീതിയിലാണ് ഈ മാസിക പ്രസിദ്ധീകരിക്കുന്നത്.മലയാളം,ഹിന്ദി,ഇംഗ്ലീഷ് എന്നീ ഭാഷകളോട് കൂടുതൽ അടുക്കാനും ഭാഷകളിലെ മികവിനും ഈ മാസിക കൂടുതൽ സഹായകരമാവുന്നു.

എല്ലാ ഭാഷകളേയും സ്നേഹിക്കാനും സംരക്ഷിക്കാനുമുള്ള മനോഭാവം എല്ലാവരിലും രൂപപ്പെടുത്തുന്നതിന് 'ലിറ്റിൽ-കൈറ്റ്സ്' കുട്ടികളൊരുക്കുന്ന 'അക്ഷര്യ' മാസിക സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# താളുകൾ മറിക്കുമ്പോൾ

1. അതിജീവനം - കവിത
2. ഡോ. കണ്ടൻ കുറുകൻ
3. My father – poem
4. The rabbit and the tortoise – story
5. पायिला तेरी - कवित
6. सास रब का है - कवित
7. सानियत - कहानि
8. നഷ്ടം – കഥ
9. മണ്ണാകട്ടയും കരിയിലയും - കഥ
10. പഴഞ്ചൊല്ലുകൾ - ലേഖനം
11. വിദ്യാലയം - കവിത
12. So bright – poem
13. Save the green earth – story
14. चिडिया का परेशानी - कहानी
15. पतंग ओर परिंदे - कवित
16. ദൈവ പുത്രരം - ലേഖനം

17. തെംസ് നദിയോട് - കവിത

18. സൗന്ദരിലഹരി - കവിത

19. ശൂന്യത – കഥ

20. മാപ്പു നൽകൂ - കവിത

21. गीता का रहसय - कहानी

22. Two friends – story

23. Move on – poem

24. അമ്പാടിയിലേക്ക് - കവിത

25. സ്നേഹവർത്തമാനം - കവിത

26. The fox and the monkey – story

27. ഗാന്ധിസാഹിത്യസംഗ്രഹം - ലേഖനം

28.भवान यह नहीं - कहानी

29.The milkmaid's dream – story

30. My friend – poem

31. ഞാൻ എന്ന അന്തർജനം - കഥ

32. മാന്ത്രികച്ചെണ്ട – കഥ

33. നുണ – കവിത

34. പണ്ടത്തെപാട്ടുകൾ

35. ബഷീർ എന്ന ബല്യ ഒന്ന് - കവിത
36. सपने का सच – कहानी
37. സന്യാസിയും നായയും - കഥ
38. ആത്മഹത്യ – കവിത
39. Two mice and a cat – story
40. Tree is a boon – story
41. നഗരത്തിൽ ഒരു യക്ഷൻ - കവിത
42. The diamond necklace – story
43. I am sorry – poem
44. പാരിന്റെ നന്മക്കത്രേ - കവിത
45. ചന്ദനം - കവിത
46. Ding dong bell – poem
47. കണ്ണാടി - കവിത

# യോഗിനിമാതാ ഗേൾസ് ഹൈ സ്കൂൾ

കൊല്ലങ്കോട് ദേശത്തെ പെൺകുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിനും,ഉന്നമനത്തിനുമായി കൊല്ലങ്കോട് വെങ്ങുനാട് കോവിലകത്തെ ധാത്രി വലിയറാണി ആരംഭിച്ച  വിദ്യാഭ്യാസ സ്ഥാപനമാണ് ധാത്രി സ്കൂൾ എന്നറിയപ്പെടുന്ന യോഗിനിമാതാ ഗേൾസ് ഹൈ സ്കൂൾ.1989-ൽ ആലത്തൂർ സിദ്ധാശ്രമം ഇതിൻെറ ഉടമസ്ഥാവകാശം ഏറ്റെടുക്കുകയും. യോഗിനിമാതാ ഗേൾസ് ഹൈസ്കൂൾ എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്യ്തു.പ്രീ പ്രൈമറി മുതൽ പത്താം തരംവരെ ഏകദേശം 1380 ഓളം കുട്ടികൾ ഇന്ന് ഇവിടെ പഠിക്കുന്നുണ്ട്.പാഠ്യപ്രവർത്തനങ്ങളോടൊപ്പം തന്നെ പാഠ്യേതര പ്രവർത്തനങ്ങളിലും ഈ വിദ്യാലയം ഉന്നതനിലവാരം പുലർത്തി വരുന്നു.വർഷങ്ങളായി എസ്.എസ്.എൽ.സി വിജയശതമാനത്തിൽ ഉപജില്ലയിൽ ഒന്നാം സ്ഥാനം കൈവരിക്കാൻ

സാധിക്കുന്നുണ്ട്.കബഡി,വോളിബോൾ തൈക്കോണ്ടോ മുതലായ കായികമത്സരങ്ങളിൽ.ദേശീയ നിലവാരമുള്ള കായികതാരങ്ങളെ വാർത്തെടുക്കാൻ ഈ സ്ഥാപനത്തിലെ അദ്ധ്യാപകരുടെ ചിട്ടയായ പരിശീലനം കൊണ്ട് സാധിച്ചിട്ടുണ്ട് എന്ന വസ്തുത ഏറെ ശ്രദ്ധേയമാണ്.കൂടാതെ സംസ്ഥാന കലോത്സവ
വേദികളിലും
,ശാസ്ത്രമേള,സാമൂഹ്യശാസ്ത്രമേള,ഗണിതമേള,പ്രവർത്തിപരിചയ മേള എന്നീ വേദികളിലും ഞങ്ങളുടെ വിദ്യാർത്ഥിനികൾ ശ്രദ്ധേയമായ പ്രകടനം കാഴച്ചവെക്കാറുണ്ട്.

രാജകീയ പ്രൗഢി ഒട്ടും ചോരാതെ നിലനിർത്തിക്കൊണ്ട് സംസ്ഥാനതലത്തിൽ തന്നെ ശ്രദ്ധേയമായ ഒരു സ്ഥാനം കൈവരിക്കാൻ ഈശ്വരാനുഗ്രഹത്താൽ യോഗിനിമാതാ ഗേൾസ് ഹൈ സ്കൂളിന് സാധിച്ചിട്ടുണ്ട് എന്ന വസ്തുത സന്തോഷപൂർവ്വം അറിയിച്ചുകൊണ്ട് ഞങ്ങളുടെ വിദ്യാർത്ഥിനികളുടെ ഒരു എളിയ സംരംഭമായ ഈ ഡിജിറ്റൽ മാഗസിൻ വിനയപൂർവ്വം സമർപ്പിക്കുന്നു.

# അതിജീവനം

ഈ കുഞ്ഞുപുല്ലിന്
വേനലിനെ
അതിജീവിക്കാനാകുമോ

കൊന്നമരമേ,
വെയിലിനെ ഉരുക്കി
കാതിലണിയുന്ന പണി
അതിനെ പഠിപ്പിക്കണേ

ഉങ്ങുമരമേ,
വേനലിനെ എടുത്ത്
കുളിർതൊപ്പിയാക്കി
തലയിൽ വയ്ക്കുന്ന കളി
അതിനെ ശീലിപ്പിക്കണേ....

അല്ലെന്നാൽ,
ചെറുതല്ലേ എന്നുവച്ച്
വേനൽ അതിനെ
പച്ചയ്ക്ക് തിന്നുകളയും!

# ഡോ;കണ്ടൻ കുറുക്കൻ

കിഴക്കൻ കാട്ടിലെ ഒരേ ഒരു  വൈദ്യരാണ്
ശങ്കുകുറുക്കൻ കാട്ടിലും നാട്ടിലുമുള്ള
ഏതൊരുമ്രുഗത്തിന്
രോഗം വന്നാലും അവർ ശങ്കുകുറുക്കനെ
തേടിയെത്തും.

ശങ്കുകുറുക്കന് എന്നും നല്ല  തിരക്കാണ്. ഒരു
പ്രത്യേക രീതിയിലാണ് ശങ്കുകുറുക്കന്റെ ചികിത്സ.
രോഗിയോട് ആദ്യം രോഗത്തെപ്പറ്റി ചോദിക്കും.
പിന്നെ എല്ലാം വിനയത്തോടെ വിശദമായികേൾക്കും.
തുടർന്ന് ഒന്നും മിണ്ടാതെ കാട്ടിലേക്കിറങ്ങും.

കുറച്ചു സമയത്തിനുള്ളിൽ രണ്ട്മൂന്ന് വേരുകളും
ഇലകളും കായ്കളുമായി മടങ്ങിവരും. പിന്നെ
അതെല്ലാം
കൂടി ചതച്ചുപിഴിഞ്ഞ് വായിലൊഴിച്ചുകൊടുക്കും .
എന്നിട്ട് ശങ്കുകുറുക്കൻ ചിരിച്ചുകൊണ്ടുപറയും....

“പൊയ്ക്കോളൂ. ഒക്കെ മാറിക്കോളും"

മിക്കവാറും രോഗി തന്റെ

താവളത്തിലെത്തുമ്പോഴേക്കും രോഗം മാറിയിരിക്കും.

അങ്ങനെയിരിക്കെ; ഒരു ദിവസം ശങ്കുകുറുക്കനെത്തേടി ഒരു രോഗി പോലും എത്തിയില്ല. "ഇതെന്തു പറ്റി ....... ഇന്ന് ഒരു പൂച്ചകുഞ്ഞ് പോലും ചേട്ടനെക്കാണാൻ വന്നില്ലല്ലോ...."

ശങ്കുകുറുക്കന്റെ ഭാര്യ അത്ഭുതപ്പെട്ടു. "ങാ.....ഒരു ദിവസമെങ്കിലും ആർക്കും രോഗമില്ലാതിരിക്കുക. അതും ഒരു നല്ലകാര്യമല്ലേ.....?"ശങ്കുകുറുക്കൻ ഭാര്യയെ സമാധാനിപ്പിച്ചു. ദിവസങ്ങളും ആഴ്ചകളും കഴിഞ്ഞു പോയി.....

പക്ഷേ ശങ്കുകുറുക്കനെത്തേടി ഒരു രോഗി പോലും വന്നില്ല.

"ഇതെന്തു പറ്റി...." എത്ര ആലോചിച്ചിട്ടും ശങ്കുകുറുക്കനും ഭാര്യക്കും ഒരു പിടിയും

അങ്ങനെ ഇരിക്കെ ഒരു ദിവസം കുഞ്ഞൻമുയൽ ശങ്കുകുറുക്കന്റെ മുന്നിലെത്തി

"ങും.......?എന്താ രോഗം....?" ശങ്കുകുറുക്കൻ ചോദിച്ചു

 "ഏയ് രോഗമൊന്നുമില്ലെന്നോ,ഞാൻ ഒരു

കാര്യം പറയാൻ വന്നതാ.....”കുഞ്ഞൻ മുയൽകാര്യം8

പറഞ്ഞു.......നമ്മുടെ കാടിന്റെ

പടിഞ്ഞാറുഭാഗത്ത് ഒരു

പുതിയ വൈദ്യര് വന്നിട്ടുണ്ട്. വൈദ്യരല്ല ഡോക്ടർ..! ഡോക്ടർ കണ്ടൻകുറുക്കൻ എം.ഡി. രോഗികളെല്ലാം ഇപ്പോൾ അങ്ങോട്ടാണത്രേ പോകുന്നത്.

“ഓഹോ....അങ്ങനെയാണോ....?എങ്കിൽ അവനെ ഉടൻ ഓടിക്കണമല്ലോ"ശങ്കുകുറുക്കന്റെ ഭാര്യ കലിതുള്ളാൻ തുടങ്ങി."വേണ്ട വേണ്ട. വഴക്കിനൊന്നും പോകണ്ട.”ശങ്കുകുറുക്കൻ ഭാര്യയെ ആശ്വസിപ്പിച്ചു. അപ്പോൾ അവൾ കുഞ്ഞൻ മുയലിനോട് ചോദിച്ചു......

“അല്ല...കുഞ്ഞൻ മുയലേ നീ ശരിക്കും ആ ഡോക്ടറേ നേരിൽ കണ്ടോ.....?”

"ഓ......കണ്ടു. കണ്ടു...... എന്തൊരു ഗമയാ മൂപ്പർക്ക്.പാന്റും ഷർട്ടുമാവേഷം.ഷൂസും കണ്ണടയുമൊക്കെയുണ്ട്.എന്തൊരു തിരക്കാ അവിടെ. രോഗികളെല്ലാം ക്യൂ നിൽക്കുകയല്ലോ..! മൂപ്പർക്ക് പരിശോദിക്കാൻ ഒരുകുഴലും

സൂചിയുമൊക്കെയുണ്ട്

അതാണ് ഡോക്ടർ  കണ്ടൻ കുറുക്കൻ  എം. ഡി. !”

ഓഹോ അത്രയും കേമനാണോ.....?എങ്കിൽ 9

ആ ഡോക്ടറേ ഒന്നു കാണണമല്ലോ....? ശങ്കുകുറുക്കന്റെ ഭാര്യ തീരുമാനിച്ചു.....

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു ദിവസം ശങ്കുകുറുക്കന്റെ ഭാര്യക്ക് നേരിയ പനി തോന്നി

അവൾ ആരോടും പറയാതെ കുഞ്ഞൻമുയലിന്റെ ആശുപത്രിയിൽ പോയി . അതു കണ്ടുനിന്ന കണ്ടൻ കുറുക്കന്റെ ആശുപത്രിയിലെ മൃഗങ്ങൾ ശങ്കുകുറുക്കന്റെ ഭാര്യയെ കളിയാക്കി.

"കൂട്ടരേ, പുതുമകൾ കാണുമ്പോൾ പഴമകൾ മറക്കാതിരിക്കുക."

# My father

I have a father
I like him very much
he is my god
he is my precious gold
he is my dream
he love's very much
he is handsome and
I love him so much

# THE RABBIT AND THE TORTOISE

*Once upon a time there was a rabbit and a tortoise. They were good friends. They used to meet and play everyday. The rabbit always boasted that he could run faster than the tortoise. So they decided to have race. They chose a starting and finishing point. The rabbit ran very fast and soon left the tortoise for behind. He thought that tortoise is too show and he ran rest for a while. So he stooped under a tree and went to sleep. Meanwhile tortoise keep walking the whole time and reached the winning point when the rabbit wakeup the saw that tortoise has already won the race.*

## पायलिया तेरी...

रुण झुण रुण झुण करती पायलिया तेरी।
सुबह सवेरे मुझको जगाती पायलिया तेरी॥

कभी छनन-छनन कभी छन-छन करती पायलिया तेरी।
मेरे सूने मन में हलचल कर जाती पायलिया तेरी॥

जब तू चलती है तेरे पांवों में बजती पायलिया तेरी।
सूने आंगन में तेरा एहसास कराती पायलिया तेरी॥

जिस दिन सुर और ताल में बजती पायलिया तेरी।
मेरी जवानी के तार छेड़ जाती पायलिया तेरी॥

रहे सदा पांवों में सजती पायलिया तेरी।
रहे जीवन भर बजती पायलिया तेरी॥

## एहसास रब का है

तू ही अरमान रब का है
तू ही ईमान रब का है

खुदा की खूबसूरत कारीगरी तू है
मेरी भी जान तू है दीदार रब का है

तेरी मूर्त सबसे निराली है
तेरी मूर्त से एहसास रब का है

किसी गुलशन का तू नायाब फूल है
तेरी खुशबू से आभास रब का है

तेरे चेहरे का जो नूर है उदासी में भी चमकता है
तेरे चेहरे का सारा नूर और रूप उस रब का है

13

# इंसानियत ........

एक समय की बात है एक छोटा सा गाँव था जहाँ के लोग रोजमर्रा के कामों व अपने शांत वातावरण में खुश रहते थे| उसी गाँव से कुछ दूरी पर एक आश्रम था जहाँ पर एक महान गुरु निवास करते थे| जब भी गाँव में किसी भी प्रकार की समस्या आती तो गाँव वाले गुरु जी के पास जाते और उस समस्या का उपाय पूछते| गुरु जी उन्हें ऐसा उपाय बताते कि समस्या समाप्त भी हो जाती और अगले कई वर्षों तक उस प्रकार की समस्या फिर से न होती| इसी कारण से गाँव वाले उनका सम्मान करते थे और उन्हें पूजनीय मानते थे|

इसी प्रकार की बातें व घटनाएं सुनकर कई दूसरे गाँव के लोग उनके शिष्य बनने की इच्छा लेकर आया करते थे लेकिन उन्हें निराश होकर जाना पड़ता था क्योंकि गुरु जी किसी को भी अपना शिष्य नहीं बनाते थे| जो भी उनका शिष्य बनने के लिए आता था, गुरूजी उसकी

बुद्धिमता व व्यवहार जानकर ऐसा भिन्न प्रकार का प्रश्न पूछते कि कोई भी उसका उत्तर नहीं दे पाता था इस कारण उन्हें वापस जाना पड़ता था|

14

# നഷ്ടം

"ഈ സ്ഥലം ഓർമ്മയുണ്ടോ?" തിരികെ ചെന്നിട്ട് ഉടൻ ചെയ്യാനുള്ള കാര്യങ്ങളും അടുത്ത ബിസിനസ് യാത്രയുടെ വിശദമായ ഉള്ളടക്കവും തിരിച്ചും മറിച്ചും ആലോചിച്ചു കൊണ്ടിരുന്ന ഞാൻ ഒന്ന് ഞെട്ടി പുറത്തേക്കു നോക്കി. തീവണ്ടി നീങ്ങിത്തുടങ്ങിയിരുന്നു എങ്കിലും സ്ഥലം ഓർമ്മിക്കാൻ എനിക്ക് ഒട്ടും പ്രയാസപ്പെടേണ്ടി വന്നില്ല. എങ്ങനെ മറക്കാനാണ്? ഇരുപതു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. അവളുടെ ഇഷ്ടം ആദ്യമായി ഒരു ചങ്ങാതിയിൽക്കൂടി പറഞ്ഞതും പിന്നെ ഞങ്ങൾ ഒത്തിരി സ്നേഹം പങ്കുവെച്ചതും കൈകോർത്തു നടന്നതും ഒക്കെ ഈ പ്ലാറ്റ്ഫോമിൽ തന്നെ. കോളേജിൽ നിന്നും വീട്ടിലേക്കും പിന്നെത്തിരിച്ചുമുള്ള ഓരോ യാത്രകൾക്കും ഇവിടെ തീവണ്ടി നിൽക്കുന്ന ഓരോ നിമിഷങ്ങൾക്കും ഒരുത്സവഛായ ആയിരുന്നില്ലേ!

ജാള്യത മുട്ടി നിന്നതിനാലോ അതോ അവളുടെ കണ്ണുകളിലെ ആഴം ഭയപ്പെടുത്തിയതിനാലൊ എന്നറിയില്ല മുഖം കുനിച്ചു ഞാൻ മെല്ലെ പറഞ്ഞു.

"എത്ര എത്ര ഓർമകളാണ് .."

തീവണ്ടി വേഗം കൂടുന്നു. അതേ വേഗതയിൽ ഹൃദയം കുതിക്കുന്നു.

അച്ഛൻ യയാതിയുടെ വാർദ്ധക്യം ഒരു നിമിഷനേരം കൊണ്ട് സ്വന്തമാക്കി ഒരു പുരുഷായുസ്സ് മുഴുവൻ പെട്ടെന്ന് നടന്നു തീർത്ത പുരുവിനെപ്പോലെ കിതച്ചു കൊണ്ട് ഞാൻ രണ്ടു മൂന്നു വട്ടം     പിന്നിലേക്കും മുന്നിലേക്കും വർഷങ്ങൾ നടന്നു തീർത്തു.

"ഇനി മൂന്നാമത്തെ സ്റ്റേഷൻ ആണ്." ഞങ്ങൾ ഒരുമിച്ചാണ് അത് പറഞ്ഞത്. തമ്മിൽ തമ്മിൽ നോക്കിയ കണ്ണുകൾ എന്തോ തിരഞ്ഞു. പുറത്തെ മങ്ങുന്ന വെളിച്ചത്തിലേയ്ക്കു മടങ്ങി.

സഹയാത്രികരുടെ ഏതോ വിരസമായ ചർച്ചക്ക് ഒരു ചെവി കൊടുത്തിരുന്ന ഞാൻ ഒന്ന് മയങ്ങിപ്പോയി. അവളുടെ നനുത്ത സ്പർശവും ശബ്ദവും ആണ് ഉണർത്തിയത്.

"സ്ഥലം ആയി".. ഇറങ്ങേണ്ടേ?

പിടഞ്ഞുണർന്നു ഞാൻ പെട്ടിയും എടുത്തു അവളുടെ പിന്നാലെ പുറത്തിറങ്ങി. ഒരുമിച്ചു പുറത്തേക്കു നടന്നു.

അത്ര നേരം എത്ര ശ്രമിച്ചിട്ടും ചോദിക്കാനാവാതെ എന്റെ മനസ്സിൽ പെരുമ്പറ കൊട്ടിക്കൊണ്ടിരുന്ന ആ ചോദ്യം പുറത്തേക്കുള്ള വാതിലിന്റെ അടുത്തു എത്തിയപ്പോൾ എങ്ങിനെയോ പുറത്തേക്കു വന്നു.

"കുടുംബം , കുട്ടികൾ , ഭ ..ഭർത്താവ്...?"

"ഇല്ല .. കല്യാണം കഴിച്ചിട്ടില്ല .." അവൾ പതുക്കെ നടന്നു. അകന്നു. ചലനശക്തി നഷ്ടപ്പെട്ടു വേരുകൾ മണ്ണിലേക്ക് താഴ്ത്തി ഞാൻ ഒരു പടുവൃക്ഷമായി. പുരുവിന്റെ ചിതക്ക് വിറകായി...

# മണ്ണാങ്കട്ടയും കരിയിലയും

ഒരിടത്ത് ഒരു മണ്ണാങ്കട്ടയും കരിയിലയും ഉണ്ടായിരുന്നു.ഇരുവരും നല്ല കൂട്ടുകാരായിരുന്നു.ഒരിക്കൽ അവർ രണ്ടുപേരും കൂടി കാശിക്കു പോകാൻ തീരുമാനിച്ചു.അങ്ങനെ അവർ യാത്ര തുടങ്ങി.നടന്നു നടന്ന് അവർ കാട്ടിലെത്തി.കാറ്റ് ആഞ്ഞടിക്കാൻ തുടങ്ങി.കരിയിലയ്ക്കു പേടിയാവാൻ തുടങ്ങി.കരിയില മണ്ണാങ്കട്ടയുടെ സഹായം തേടി.രക്ഷകനായി മണ്ണാങ്കട്ട കരിയിലയുടെ പുറത്തു കയറി നിന്നു.കാറ്റു പോയി.കരിയിലയ്ക്കു ആശ്വാസമായി.അവർ

വീണ്ടും യാത്ര തുടർന്നു.അടുത്തതു മഴയുടെ ഊഴമായിരുന്നു.മണ്ണാങ്കട്ടയ്ക്കു പേടിയാവാൻ



തുടങ്ങി.കരിയില മണ്ണാങ്കട്ടയെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു "ഞാനില്ലേ നിന്റെ കൂടെ ".കരിയില കുടപോലെ നിന്നു.മണ്ണാങ്കട്ടയ്ക്കു സമാധാനമായി.അവർ സന്തോഷത്തോടെ യാത്രയായി.അങ്ങനെ അവർ നടക്കവെ കാറ്റും മഴയും ഒന്നിച്ചെത്തി.ഇരുവരും ഭയന്നു വിറച്ചു.കാറ്റത്ത് കരിയില ദൂരെ എങ്ങോ പറന്നു പോയി.മണ്ണാങ്കട്ട അലിഞ്ഞുപോയി.

## പഴഞ്ചൊല്ലുകൾ

. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.
. ഉണ്ടോനറിയുമോ ഉണ്ണാത്തവന്റെ വിശപ്പ്.
. ചേറ്റിൽകുത്തിയ കൈ ചോറ്റിൽ കുത്താം.
. ഉപ്പുതിന്നവൻ വെള്ളം കുടിക്കും.
. നട്ടു തിന്നണം ചുട്ടു തിന്നരുത്.
. ഞാറുവച്ചാൽ ചോറു തിന്നാം.

## വിദ്യാലയം

-അസ്ന.കെ

*ഈ വിദ്യാലയം, എൻ ജീവാമൃതം*
*വിദ്യാലയത്തിൽ വിദ്യനുകരാൻ എത്തും,*
*പൂമ്പാറ്റകൾ ഞങ്ങൾ*
*വിദ്യയെ അമൃതമാക്കും വിദ്യാർത്ഥികൾ ഞങ്ങൾ*
*ജാതി ഭേദവുമില്ല , ചിന്തയുമില്ല*

സ്നേഹം മാത്രം കൈകോർക്കും
ഈ കലാലയത്തെ സ്വർഗമാക്കിടും,
വിദ്യാർത്ഥികൾ ഞങ്ങൾ
സ്നേഹ സാഹോദര്യം വളർത്തിയെടുക്കും
ഈ കലാലയത്തെ സ്വർഗമാക്കിടും ഞങ്ങൾ.



# So bright........

What fires they are that burn so bright,
Banishing the inky night,
Cleaving open minds and hearts,
Breaking through the deepest dark.

What songs they sing that draw us in,
What melody and grace within,
What resonance, hypnotic beat,
That bring the fallen to their feet.

What hope they bring to weary souls,
What chance to make the broken whole,
What depth of ...

# चिड़िया की परेशानी

एक चिड़िया थी वह बहुत उच उड़ती , इधर उधर चहचहाती रहती | कभी इस टहनी पर कभी उस टहनी पर फुदकती रहती |पर उस चिड़िया की एक आदत थी वह जो भी दिन में उसके साथ होता अच्छा या बुरा उतने पत्थर अपने पास पोटली में रख लेती और अकसर उन पत्थरो को पोटली से निकाल कर देखती अच्छे पत्थरो को देखकर बीते दिनों में हुई अच्छी बातो को याद करके खुश होती | और खराब पत्थरो को देखकर दुखी होती |ऐसा रोज़ करती | रोज़ पत्थर इकठा करने से उसकी पोटली दिन प्रतिदिन भारी होती जा रही थी | थोड़े दिन बाद उसे भरी पोटली के साथ उड़ने में दिक्कत होने लगी | पर उसे समझ नहीं आ रहा था की वह उठ क्यों नहीं पा रही |

कुछ समय और बीता, पोटली और भारी होती जा रही थी | अब तो उसका जमीन पर चलना भी मुश्किल हो रहा था | और एक दिन ऐसा आया की वह खाने पीने का इंतज़ाम भी नहीं कर पाती अपने लिए और अपने पत्थरो के बोझ तले मर गयी .

पतंग और परिंदे

पतंग उड़ाइ कर हम आनंद उठाते है ।
उड़ते परिंदों को हम नीचे गिराते हैं॥

उड़ते पतंगों को हम आपस में काटते है ।
बेजुबान उड़ते परिंदों के हम पर काटते हैं॥

रंग बिरंगी पतंग आसमान में उड़ाते है ।
रक्त रंजित कर पक्षियों को नीचे गिराते हैं॥

हम पतंगों को डोर से बांधकर दूर आसमान में उड़ाते है ।
फिर उसी डोर से उड़ते परिंदों की जिंदगी की डोर काटते हैं॥

यह कैसा हर्ष और उल्लास है 'दिनेश'?
जिसमें हम बेजुबानों की जिंदगी छीनते हैं॥

करे खूब कोशिश, मेंहनत के बल पे इसे और बेहतर बनाएँ। ।
मुश्किलें हरा दें, जहाँ को दिखा दें अपने दम पर हम ।
ना हारें कभी किसी बात से डटे रहे जीवन भर हम। ।
-संजय

उड़ते पतंगों को हम आपस में काटते है ।
बेजुबान उड़ते परिंदों के हम पर काटते हैं॥

रंग बिरंगी पतंग आसमान में उड़ाते है ।
रक्त रंजित कर पक्षियों को नीचे गिराते हैं॥

हम पतंगों को डोर से बांधकर दूर आसमान में उड़ाते है ।
फिर उसी डोर से उड़ते परिंदों की जिंदगी की डोर काटते हैं॥

यह कैसा हर्ष और उल्लास है 'दिनेश'?
जिसमें हम बेजुबानों की जिंदगी छीनते हैं॥

करे खूब कोशिश, मेंहनत के बल पे इसे और बेहतर बनाएँ। ।

मुश्किलें हरा दें, जहाँ को दिखा दें अपने दम पर हम ।
ना हारें कभी किसी बात से डटे रहे जीवन भर हम। ।

-संजय



## ഇവർ ദൈവപുത്രരോ?

*കേരളം കുറച്ചു മാസങ്ങൾക്കുമുമ്പ് നേരിട്ട ഒരു വലിയ ദുരന്തമാണ് പ്രളയം. 2018 ലെ ലോകം കണ്ട ഒരു*

*മഹാദുരന്തമായിരുന്നു അത്.അപ്രതീക്ഷിതമായി പെയ്ത നിലയ്ക്കാത്ത പേമാരിയിൽ ജീവനും സ്വത്തുവകകളും*

*നഷ്ട്പ്പെട്ട ആയിരങ്ങൾ. ഉറ്റവരും ഉടയവരും മരണത്തിനു കീഴടങ്ങുമ്പോൾ ഇനിയെന്ത് എന്നറിയാതെ*

*നിലവിളിക്കുന്ന ആയിരങ്ങൾ. ജീവൻ പണയം വച്ചും നാടിനും നാട്ടുകാർക്കും വേണ്ടി രക്ഷാപ്രവർത്തനങ്ങൾ*

*നടത്തിയ നിരവധി സഹോദരന്മാർ നമുക്കു ചുറ്റുമുണ്ട്. മതമോ, ജാതിയോ,*

*സമ്പത്തോ, ഒന്നുംനോക്കാതെ*

*മലയാളികൾ ഒന്നടക്കം കൈകോർത്ത് പിടിച്ച് ഈ ദുരന്തത്തെ നേരിട്ടു. ഈ മഹനീയമായ കൂട്ടായ്മയ്ക്കു ലോകം*

*മുഴുവൻ സാക്ഷ്യം വഹിച്ചു. ഒത്തൊരുമയുണ്ടെങ്കിൽ ഏതു വലിയ ദുരന്തത്തെയും നമുക്കു നേരിടാം എന്ന*

*മഹത്തായ പാഠം നമ്മൾ അതിൽ നിന്ന് പഠിച്ചു.കുട്ടികൾ വരെ അവർ കൂട്ടിവച്ചിരുന്ന നാണയതുട്ടുകൾ*

*മറ്റുള്ളവർക്കു കൈമാറി. സ്നേഹത്തിലൂടെ സഹകരണത്തിലൂടെ ഏതു*

*ദുരന്തത്തെയും നമുക്കു നേരിടാം.*


## തെംസ്സദിയോട്....



ആരോ പറയുന്നു തെംസ്സദീ,നിന്നോട്ടു
മൂകാന്തരക്കം കലർന്നൊരാൾ
വന്നപോൽ
ആകെയിരുണ്ട തളർന്നിഴയു നിൻ
യാതന കണ്ടാമിഴികൾ നിറയവേ

രണ്ടുതുള്ളിച്ചുടുനീർ നിൻ കറുപ്പാർന്ന
നെഞ്ചത്തു വീണപോൽ,അത്ഭുതം!പെട്ടെന്നു
പുഞ്ചിരികൊള്ളാൻ തുടങ്ങിപോൽ തെംസ്സദി!
ആ രാഗമല്ലലായ്,ദീപ്രമാം യത്നമായ്-
ത്തീരവേ രണ്ടു കരങ്ങളൊരായിരം
ധീരഹസ്തങ്ങളായ് മാറി,നിൻ നിർജീവ-
വാരിയെക്കോരിക്കഴുകിയെടുത്തുപോൽ.

# സൗന്ദര്യലഹരി



പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാണ്മൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ
ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി–
ട്ടെത്രകാലമാ,യെന്നാലിനിയും തീർന്നില്ലല്ലോ!
ഓരോരോ ദിവസവുമത്യനർഘമായീടും
ചാരുതയൊന്നീ ലോകഗോളത്തെപ്പുതുക്കുന്നു.
അല്ലെങ്കിൽ,പ്രാപഞ്ചികജീവിതത്തിനെ,നമ്മ–
ളെല്ലാരുമിതിൻമുൻപേ വെറുത്തുകഴിഞ്ഞേനെ!
പൂർവദിങ്മുഖത്തിങ്കൽ സിന്ദൂരപ്പൂരം പൂശി–
പ്പൂവിനെച്ചിരിപ്പിച്ചു വന്നെത്തും പുലരിയും,
മുല്ലമൊട്ടുകൾ വാരി വാനിങ്കൽ വിതറിക്കൊ–
ണ്ടുല്ലാസഭരിതയായണയും സന്ധ്യാശ്രീയും.,
വാനിലുല്ലസിച്ചീടും വാർമതിയൊഴുക്കുന്ന
പൂനിലാവിങ്കൽ കുളിച്ചെത്തിടും രജനിയും.,–
എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു–
ളെളന്തും, ഹാ! ജീവിതത്തെ മധുരിപ്പിച്ചീടുന്നു!
കുളിർത്ത മണിത്തെന്നൽ സൗരഭോന്മാദം പൂണ്ടു
തളിർത്ത തരുക്കളെത്തഴുകിത്തളരവേ.,
അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി–
ത്തൻതിരകളാൽ താളംപിടിച്ചു പാടിപ്പാടി
പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നി–
യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവേ:
മരന്ദംതുളുമ്പുന്ന മലരിൻ ചുറ്റുംകൂടി
മുരളും തേനീച്ചകൾ പറന്നുകളിക്കവേ:
വല്ലികാനടികൾ നൽ പല്ലവാകുലമായ
ചില്ലക്കൈയുകളാട്ടി നർത്തനം ചെയ്തിടവേ:

അറിയാത്തവരോടുകൂടി നമ്മളു , മേതോ
പരമാനന്ദപ്രവാഹത്തിങ്കൽ  മുഴുകുന്നു.
ഈവിധം മനോഹരവസ്തുക്കളെല്ലാം , നമ്മെ –
“ഉജ്ജീവിക്കു , ജീവിക്കു“ കെ, ന്നുദ്ബോധിപ്പിപ്പൂ നിത്യം
– ചങ്ങമ്പുഴ കൃഷ്ണപിള്ള



# ശൂന്യത

വളരെ കാലമായി ഞാനൊരു കഥയെഴുതുവാൻ കൊതിച്ചിട്ട്.ശൂന്യമായ എന്റെ മനസ്സിൽ യാതൊന്നും ഉരുത്തിരിയുന്നില്ലല്ലോ?വർഷമേഘങ്ങളെ കാണാത്ത മരുഭൂമി പോലെയാണെന്റെ മനസ്സ്.അതിൽ ഒരു പുൽക്കൊടിപോലും പൊട്ടിമുളയ്ക്കുകയില്ലല്ലോ........?
വേദനയോടെ ഞാനോർത്തു.പെട്ടെന്ന് ആരോ എന്നിൽ മന്ത്രിക്കുന്നതുപോലെ തോന്നി "നീയൊരു വിഡ്ഢിതന്നെ ഈ നൂറ്റാണ്ടിൽ കഥയെഴുതാത്തതായി നീ മാത്രം.കൂണുപോലെ പൊട്ടിമുളയ്ക്കുകയല്ലേ കലാകാരന്മാർ."......

ഹും! എന്തെങ്കിലും ആകട്ടെ!ഞാനും ഒരു കഥയെഴുതും.എന്റെ സഹപാഠികൾക്ക് എഴുതാമെങ്കിൽ എനിക്കും എഴുതാം.

ഞാനെഴുതുന്ന നീണ്ട കഥയ്ക്ക് നല്ലൊരു പേരു കണ്ടുപിടിക്കണം.അയ്യോ,നീണ്ട കഥയൊന്നും ഞാനെഴുതുന്നില്ല,കഥയ്ക്ക് വിചാരിച്ചത്ര നീളം കിട്ടിയില്ലെങ്കിലോ?

വേറാരും അറിയുന്നതിനു മുമ്പ് അതിനെ ചെറുകഥ എന്നു
വിളിക്കാം.

"കഥ എന്തുതന്നെയായാലും വേണ്ടില്ല"

ഞാൻ തീരുമാനിച്ചു.ചുണ്ടിൽ ഒരു ഗാനവുമായ്
കയ്യിൽ കിട്ടിയ പുസ്തകങ്ങളൊക്കെ എടുത്ത് തപ്പി.അതിൽ
തൃപ്തി വരുന്ന ഒരു പേരു പോലും 26
എനിക്ക് കണ്ടെത്താനായില്ല.പേരില്ലാത്ത കഥ.ഛേ......എന്തിനു
കൊള്ളാം.കേരളത്തിലെ
റോഡുപോലെ കുണ്ടും കുഴിയും നിറഞ്ഞ് ആകെ വികൃതമായ
എന്റെ കഥയ്ക്ക് പേരില്ലെങ്കിലും കുഴപ്പമില്ല,എന്നാലും
കൊള്ളാവുന്ന ഒരു പേരില്ലാതെ എങ്ങനെയാ.........

പല പ്രശസ്തരുടേയും പേരുകൾ എന്റെ മനസ്സിലൂടെ
കടന്നുപോയി.അവസാന ശ്രമമെന്ന നിലയിൽ എന്റെ
കൂട്ടുകാരുടെ പേരുകളും ഓർത്തുനോക്കി.വേണ്ട
വേണ്ട.......അതൊന്നും എന്റെ സൃഷ്ടിക്ക്
അനുയോജ്യമാവില്ലെന്ന് എനിക്കു തോന്നി.

എന്റെ ആദ്യ സൃഷ്ടിക്ക് അർത്ഥമില്ലാത്ത പേരുകളിടാൻ എന്റെ
മനസ്സു സമ്മതിക്കുന്നില്ല.ദൈവമേ........................
ഒരർത്ഥമുള്ള പേര്.പെട്ടെന്നാണ് അതോർമ്മ വന്നത്
"ശൂന്യത"എന്റെ ചേച്ചിയുടെ കൂട്ടുകാരിയായ സുകന്യ ചേച്ചിയെ
അവർ വിളിക്കുന്ന പേരാണിത്.ഇപ്പോഴെങ്കിലും
അതോർമ്മവന്നല്ലോ.ദൈവത്തിന് നന്ദി.

ഒരു പേരു കിട്ടിയല്ലോ...................

ഇനി കഥയെഴുതാൻ തുടങ്ങാം.ഒരു പേപ്പറും പേനയും എടുത്ത്

മേശപ്പുറത്ത്  വെച്ചെഴുതാൻ തുനിഞ്ഞു.പക്ഷേ  എന്തുചെയ്യും?
മനസ്സിൽ  മുഴുവനും ശൂന്യതമാത്രം.ഇരുട്ടേറിയ ശൂന്യത..



# മാപ്പു നൽകൂ.....

അറിയുന്നു ഞങ്ങളീ
ദുരിതങ്ങളമ്മേ
അഹങ്കാരികളിൻ ഞങ്ങളിൻ
കർമ്മത്തിൻ പ്രതിഫലം.
അറിഞ്ഞു ഞങ്ങളിന്നീ
പ്രളയത്തിൻ ദുരിതത്തിൽ
നിന്നോടു ചെയ്ത ക്രൂരകൃത്യങ്ങൾ,
നിന്നോടു ചെയ്ത പാപങ്ങ -
ളിൽ നൊന്തു പിടയുന്നെൻ നെഞ്ചകം.
മാപ്പു നൽകേണമമ്മേ ഈ
കൊടും പാപികൾക്ക്,
നിന്നോടു ചെയ്തതിൻ ഹിംസകൾക്ക്.

ചെയ്യില്ല, പൊക്കില്ല അമ്മതൻ
മേനിയിൽ ഇനിയീ കൈകൾ!

- ദിൽജപ്രഭാത്

28

**गीता का रहस्य |**

एक बार महात्मा गाँधी के पास एक व्यक्ति गीता का रहस्य जानने के लिए आया| उसने महात्मा गाँधी से गीता के रहस्य के बारे में पुछा| गाँधी जी उस समय फावड़े से आश्रम की भूमि खोद रहे थे| उन्होंने उस व्यक्ति को पास बिठाया और फिर से आश्रम की भूमि खोदने में लग गए| इसी तरह काफी समय हो गया लेकिन महात्मा गाँधी उस व्यक्ति से कुछ नहीं बोले| आखिर में अकेले बैठे-बैठे परेशान होकर वह व्यक्ति महात्मा गाँधी से बोला – "में इतनी दूर से आपकी ख्याति सुनकर गीता का मर्म जानने के लिए आपके पास आया था लेकिन आप तो केवल फावड़ा चलाने में लगे हुए हैं|

गाँधी जी ने उत्तर दिया – "भाई! में आपको गीता का रहस्य ही समझा रहा था|" महात्मा गाँधी की बात सुनकर वह व्यक्ति बोला – आप कहाँ समझा रहे था आप तो अभी तक एक शब्द भी नहीं बोले| गाँधी जी बोले – "बोलने की आवश्यकता नहीं है| गीता का मर्म यही है कि व्यक्ति को कर्मयोगी होना चाहिए| बस फल की आशा किए बगेर निरंतर कर्म करते चलो| यही गीता का मर्म है|"

गाँधी जी के इस उत्तर को सुनकर व्यक्ति को गीता का रहस्य समझ में आ गया|

तो दोस्तों इस कहानी का तर्क यही है, कि "व्यक्ति को फल की चिंता किए बगेर

हमेशा कर्म करते रहना चाहिए|



# TWO FRIENDS

Once , there lived a cat and a fox in a forest . They were great friends. one fine morning they were walking through the forest. They talked a lot about sympathy and the need of preventing.

While they were talking, they saw a wolf catching a lamb."it is very cruel and in justice", said the cat. Then the fox remarked, "it is better to starve thane killing an innocent lamb. He could it be so cruel?

“Oh! I didn't have anything this morning. I feel hungry”, said the fox. He turned round. There was a clock searching food. By one jump the fox caught the cock and killed it. The cat was also hungry. It caught a mouse.

**Move On** **30**



Endless Nights,
And I wake with sleepy eyes,
With a belief,
That time really flies…

The morning sun,
Shines with all its glory,
I stay there,
Thinking about my life story…

The old photos,
Keeps our stories,
I take one,
To evoke the memories…

The tears,
Often roll down,
I wipe them off,
And say “move on”…

# അമ്പാടിയിലേക്ക്



മായംകളഞ്ഞുള്ള മാമുനിമാരുടെ
മാനസമായൊരു മന്ദിരത്തിൽ
നിന്നുവിളങ്ങിന നന്ദകുമാരനെ-
ച്ചെന്നങ്ങു കാണ്മതിന്നായിച്ചെമ്മേ
അക്രൂരമായൊരു മാനസംപൂണ്ടുള്ളൊ-
രക്രൂരനാകിന യാദവന്താൻ
ചൊൽക്കൊണ്ടു നിന്നൊരു തേരിൽക്കരേറിയ-
ദ്ദിക്കിനെ നോക്കി നടന്നാനപ്പോൾ.
പോകുന്നനേരത്തു തന്നിലേ നണ്ണിനാൻ
ഗോവിന്ദപാദങ്ങളുള്ളിലാക്കി
കണ്ണനെക്കാണ്മതിന്നായല്ലോ പോകുന്നു
പുണ്യവാനെന്നതു നിർണയം ഞാൻ.
ആയർകോൻതന്നുടെ കാന്തിയായുള്ളൊരു
പീയൂഷവാരിതൻ പൂരംതന്നെ.
കോരിനിറച്ചുകൊണ്ടെന്നുടെ കണ്ണിണ
പാരം കുളുർപ്പിച്ചു നിൽപ്പനോ ഞാൻ.
കാർവർണൻ തന്നുടെ കൺമുനയായൊരു
കാർവണ്ടു വന്നിങ്ങു മെല്ലെമെല്ലെ
ദീനനായ് നിന്നൊരു ഞാനായ പൂവിൽനി-
ന്നാനന്ദമാടിക്കളിക്കുമോ താൻ?
കണ്ണന്റെ ത്തുമൊഴിയായൊരു-തേൻകൊണ്ടെൻ
കർണങ്ങൾ രണ്ടും നിറച്ചു ചെമ്മേ
പൂമാതുപൂണുന്ന പൂമേനികണ്ടുക-
ണ്ടാമോദം പൂണ്ടങ്ങു നിൽപ്പനോ ഞാൻ?
പുഞ്ചിരിയായൊരു ത്തുനിലാവേറ്റു നി-
ന്നെഞ്ചിത്തമായുള്ളൊരാമ്പൽ ചെമ്മേ
ഉല്ലസിച്ചാനന്ദമായൊരു തേനുംപൂ-
ണ്ടല്ലലെപ്പോക്കുമാറുണ്ടോ വന്നു?
വെണ്ണ പിരണ്ടിട്ടു തിണ്ണം കുളുർത്തുള്ളൊ-
രുണ്ണിക്കൈയൊന്നു മുകർന്നു താവു.
കണ്ടൊരു നേരത്തു കാർമുകിൽവർണനെ
മണ്ടിയണഞ്ഞൊന്നു പൂണ്ടുതാവു.

-ചെറുശ്ശേരി

# സ്നേഹ വർത്തമാനം 32

എന്റെ ഭൂമിയായ് വെള്ളമായ് വായുവായ്

എന്റെ നിത്യനിദാവമാം സ്നേഹമേ,
നെഞ്ചിൽ നീർവീഴ്ച ഞെക്കി ഞെരുക്കവേ
നെല്ലരിത്തിള വെള്ളപ്പകർച്ചയായ്
എൻ മുറിപ്പാട്ടു പൊത്തിപ്പൊതിഞ്ഞിടും
പഞ്ഞയായ് നേർത്ത ശീലയായ് ചീന്തലായ്
എന്റെ വേരിന്റെ മണ്ണിൽ വളങ്ങളായ്
എന്റെ ചില്ലയ്ക്കു സൂര്യപ്രകാശമായ്
എന്റെ അന്നമായ് ഉപ്പായ് അനച്ചമായ്

എന്റെ നിത്യനിദാനമാം സ്നേഹമേ.

- ജി. കുമാരപ്പിള്ള

## THE FOX AND THE MONKEY

**Once, all the animals in a forest decided to elect a new king for them. Then a monkey rose up and began to dance. All the animals in the forest were very much impressed by the monkey's dance. They elected his as their ruler. But the fox felt disappointed. So he didn't vote for the monkey. One day , the fox saw a trap with a bit of meal in it. At once , he ran to the monkey and told him that he had found a delicious meal. He had not touched it, because it belonged to the monkey, as he was the king of the forest. The monkey was impressed. He gladly followed the fox to the trap. The fox laughed and said: "you pretend to be our king. But you cannot take care of even yourself". The animals drove the monkey out of the forest soon they elected the fox to be their ruler.**

# ഗാന്ധിസാഹിത്യസംഗ്രഹം

***ഞാൻ നിങ്ങൾക്കൊരു മാന്ത്രികസൂക്തം തരാം.***
***നിങ്ങൾ സംശയഗ്രസ്തരാകുമ്പോഴോ അഹന്ത***
***നിങ്ങളിൽ അതിരുകവിയുമ്പോഴോ ഈ ഒരു***
***ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി.***
***നിങ്ങൾ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും***
***ദരിദ്രനായ , നിസ്സഹായനായ മനുഷ്യന്റെ മുഖം***
***സങ്കൽപിച്ചുനോക്കുക. എന്നിട്ട് നിങ്ങൾ***
***ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക്***
***ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന്***
***സ്വയം ചോദിച്ചുനോക്കുക. അതുകൊണ്ട്***
***അയാൾക്ക് എന്തെങ്കിലും നേട്ടമുണ്ടാകുമോ?***
***അതയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെ***
***മേൽ എന്തെങ്കിലും ഒരു നിയന്ത്രണം ഉണ്ടാക്കി***
***ക്കൊടുക്കുമോ? മറ്റൊരു രീതിയിൽ പറഞ്ഞാൽ,***
***നമ്മുടെ നാട്ടിൽ ആധ്യാത്മികമായും***
***ശാരീരികമായും പട്ടിണികിടക്കുന്ന***
***കോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം***
***നേടുന്നതിന് അത് സഹായകമാകുമോ?***

***അപ്പോൾ സംശയങ്ങളില്ലാതാകുന്നതായും***
***അഹന്ത അലിഞ്ഞുപോകുന്നതായും***
***നിങ്ങൾക്ക് അനുഭവപ്പെടും.***

-ഗാന്ധിജി



## भगवान् है या नहीं !!

!

कहाँ हैं भगवान ?

एक आदमी हमेशा की तरह अपने नाई की दूकान पर बाल कटवाने गया. बाल कटाते वक़्त अक्सर देश-दुनिया की बातें हुआ चलती थीं. आज भी वे सिनेमा , राजनीति और खेल जगत इत्यादि के बारे में बात कर रहे थे कि अचानक भगवान् के अस्तित्व को लेकर बात होने लगी .

तुम ऐसा क्यों कहते हो ?”, आदमी ने पूछा .

“अरे, ये समझना बहुत आसान है आप बस गली में निकल जाएँ फिर आप समझ जायेंगे कि भगवान् हैं की नहीं है. आप ही बताइए कि अगर भगवान् होते तो क्या इतने लोग बीमार होते ? इतने बच्चे अनाथ होते ? अगर भगवान् होते तो किसी को कोई दर्द कोई तकलीफ नहीं होती ”, नाई ने बोलना जारी रखा, “ मैं ऐसे भगवान के बारे में नहीं सोच सकता जो इन सब चीजों को होने दे. आप ही बताइए कहाँ है भगवान ?”

# THE MILKMAID'S DREAM

Radha was a milkmaid's, she was carrying a pot of milk. She had to deliver milk to her customer in a near by her village. As she was walking. She kept on dreaming...

said to herself. "with the money I get from selling this milk. I will buy some eggs the eggs will hatch into fine chicken the chicken will grow into hens I will sell the hens and get lot of money with that money I will buy nice silk sarees. I will look beautiful. When people ask for the secret of wealth I will toss my head and say So, when she dreamt of saying no she actually tossed her head and down fell the pot of milk and all the milk ran out on the ground.

## MY FRIEND



*Friends, my dear friends*
*Now I know the value*
*Of friends and*
*What is friendship?*
*Ow I am praying*
*to you god*
*Can you make our*
*school days everlasting*
*Because, I can't live*
*Without may friends*
*Oh God, Thanks to you*

# ഞാൻ എന്ന അന്തർജ്ജനം 

അന്ന് രാത്രി മമ്മി എൻറെ കൂടെ കിടന്നു. പെട്രോമാക്സിന്റെ അരണ്ട വെളിച്ചത്തിൽ "അഗ്നിസാക്ഷികൾ" വായിച്ച് തുടങ്ങി....

സംശയങ്ങൾ ചോദിച്ചും പറഞ്ഞും കുറേ വൈകിയാണ് ഞാൻ ഉറങ്ങിയതും എഴുന്നേറ്റതും.....

എണീറ്റ ഉടനെ നേരെ അമ്മയുടെ അടുത്തേക്ക് ഓടിയെത്തി....

അതേ അമ്മേടെ അമ്മേടെ അങ്ങനെ കുറേ കുറേ പണ്ടുള്ള മുത്തശ്ശിയും മുത്തച്ഛനും പള്ളിക്കാരയിരുന്നോ,അമ്പലക്കാരയിരുന്നോ??

നമ്മൾ ക്രിസ്ത്യാനികൾ ആണെന്ന് കുട്ടിക്കറിയില്ലേ . കുട്ടി എല്ലാ ആഴ്ച്ചയും പള്ളിയിൽ പോയി കുരിശു

വരക്കാറില്ലേ.....

ഉവ്വ്... പണ്ടത്തെ കാര്യാമ്മേ ചോദിച്ചേ..

ആഹ് പണ്ട് എല്ലാരും ഹിന്ദുക്കൾ ആയിരുന്നല്ലോ...

ഭാരതത്തിൽ മൊത്തം ഹൈന്ദവർ മാത്രേ ഉണ്ടായുള്ളൂ... 39

പിന്നെയാണ് മാപ്പിളമാരും

ക്രിസ്ത്യാനികളും ഒക്കെ ഉണ്ടായത്

അപ്പോൾ നമ്മൾ ഒക്കെ പണ്ട് നമ്പൂതിരിമാർ

ആയിരിന്നിരിക്കണം.. അല്ലേമ്മേ??

ഏത് ജാതിയായലെന്താ കുട്ടി, മനുഷ്യൻ ആയ പോരെ.

ഇപ്പൊ ഈ ജാതികളുടെ സ്വഭാവം ഒക്കെ മാറി മൃഗങ്ങളെ

പോലെ ആയില്ലേ..

പാതിരാ കുർബാനയ്ക്ക് അച്ചൻ പറഞ്ഞത് അമ്മ

ഓർക്കണില്ലേ..

--എന്ത് പറഞ്ഞൂന്നാ.... കുട്ടി ആ പറമ്പിൽ കിടക്കണ

കുരുമുളക് കോഴികൾ ചിക്കി ചികയുന്നുണ്ടോന്ന

നോക്കിക്കേ---

ആ..എനിക്കൊന്നും വയ്യ , എനിക്ക് കണക്ക്

ചെയ്യാനുണ്ട്.. മാത്തുണ്ണി മാഷാ...എനിക്ക് വയ്യ കിഴക്ക്

മേടിക്കാൻ..

കുട്ടി അപ്പൊ രാവിലെ തൊട്ട് ജാതി തേടി

നടപ്പാണല്ലോ...പഠിക്കണത് ഇവിടെ ആരേലും

കണ്ടോ...മമ്മി എന്ത് കഥയാ ഇന്നലെ പറഞ്ഞു തന്നത്?40

അച്ചൻ പറഞ്ഞത് കേട്ടില്ലേ....

എന്ത് പറഞ്ഞൂന്നാ??

അയ്യ അമ്മേടെ ചെവി സാറാമ്മ ചേച്ചി

തിന്നുവായിരുന്നില്ലേ...എന്നെ അക്കരേലെ ലിജിമോൾ

എല്ലാം കാണിച്ചു തന്നു....

ഈ കാക്കകളെ കൊണ്ട് വെല്ല്യ ശല്ല്യമാണല്ലോ...

ഉം.. ഞാൻ ഒരു പറമ്പിൽ നിന്നു ഓടിച്ചു വിടുമ്പോഴേക്കും

അടുത്തതിലേക്ക് പറന്നു പോയി ഇരിക്കും...എനിക്ക് ഓടി

നടന്നു കാക്കേനേം കോഴീനേം ഓടിക്കാൻ വയ്യ...

ആ മാമ്പഴം കക്കണ പണിയൻ മൊട്ടനോട് പറ... അവനു

ശിക്ഷ കിട്ടണം.... എനിക്ക് തരാതെ ഇന്നലെ അവൻ

വെല്ല്യ പറമ്പിലെ നാട്ടുമാങ്ങ മുഴുവൻ പെറുക്കി...

കൊതിയൻ... കള്ളനാ അവൻ....

അച്ചൻ എന്ത് പറഞ്ഞൂന്നാ കുട്ടി, നീ പറഞ്ഞത് ???

ആം.. യേശുവിന്റെ ശിഷ്യനായ തോമാ ശ്ലീഹ

കേരളത്തിൽ വ ന്നപ്പോൾ അഭയം കൊടുത്തത്

നമ്പൂതിരികൾ ആണെന്നാ പറഞ്ഞെ... മതം മാറീതും 41

അവരാ...

ഞാൻ ലക്ഷ്മിയുടെ വീട്ടിൽ പോണു...

ഞാൻ എത്തീപ്പോൾ അവൾ പുറത്തിരുന്ന് കനകാംബരം

കോർക്കുവായിരുന്നു...

ലെച്ചൂ ഞാൻ നമ്പൂതിരി കുട്ടിയാണ്....

പിന്നേ...പുളു അടിക്കണ്ട, നിങ്ങൾ പള്ളിക്കാരല്ലേ ??

നമ്പൂതിരികൾ അമ്പലക്കാരാണ്...

അതേ പണ്ട് ജാതി മാറീത് മൊത്തം നമ്പൂതിരി കളാ---

അപ്പോൾ എന്റെ പണ്ടുള്ള മുത്തശ്ശനും മുത്തശ്ശിയും

നമ്പൂതിരിമാർ ആയിരുന്നു...

നീ കേട്ടട്ടില്ലേ, എന്നെ എല്ലാരും കുട്ടീന്ന് അല്ലേ

വിളിക്കണേ...

...അതെന്താ...

അത് നമ്പൂരി ഭാഷയാണ്... എന്റെ അപ്പച്ചൻ പാലക്കാട്

നിന്നു വന്നതാ.. ഒളപ്പമണ്ണ മനയുടെ അടുത്തായിരുന്നു

പോലും

ഞങ്ങടെ ഇല്ലം.. ഇല്ലത്ത് കുറേ പേർ ഉണ്ടായിരുന്നു. 42

എന്നും സദ്യ ആയിരുന്നു.

ആ നാലുകെട്ട് ഇല്ലത്തെ കുളത്തിൽ വീണാണ് അപ്പച്ചന്റെ

അപ്പച്ചന്റെ പെങ്ങൾ മരിച്ചുപോയത്...അല്ലാ കൊന്നത്....

കാർത്തിയമ്മേ കാർത്തിയമ്മേ

എന്താ ലച്ചു ??

ഈ കുട്ടി പറയുവ, അവർ നമ്പൂതിരിമാരാണ് എന്ന്...

കാർത്തി ചേച്ചീടെ മറുപടി വന്നതും അങ്ങേ പറമ്പിൽ

നിന്നും മമ്മി നീട്ടി വിളിച്ചതും ഒപ്പം ആയിരുന്നു.. കേട്ട

പാടെ അടി മേടിക്കാതിരിക്കാനായി ഞാൻ വാണം

വിട്ടപോലെ ഓടി.

'പിന്നെ, പന്നിനെ തല്ലിക്കൊന്ന്, പനങ്കള്ളും കപ്പേം കൂട്ടി

തട്ടുന്നവരല്ലേ നമ്പൂരിശ്യന്മാർ?'. ലച്ചുന്റെ ആത്മഗതം ഓടുന്ന

ഓട്ടത്തിലും വ്യക്തതയോടെ എനിക്ക് കേൾക്കാമായിരുന്നു.

43

# മാന്ത്രികച്ചെണ്ട

ഒരിക്കൽ ഒരിടത്ത് വയസ്സനായ ഒരു ചെണ്ടക്കാരനുണ്ടായിരുന്നു. അയാളുടെ പേര് ചിണ്ടൻ എന്നായിരുന്നു. അയാൾക്ക് ആകെയുള്ളത് ഒരു പഴഞ്ചൻ ചെണ്ടയായിരുന്നു.ചിണ്ടൻ ചെണ്ട കോട്ടാൻ തുടങ്ങിയാൽ എല്ലാവരും കളിയാക്കും. അപ്പോൾ ചിണ്ടന് സങ്കടം വരും.എങ്കിലും ആഘോഷം വരുമ്പോൾ ചിണ്ടനും കൊട്ടാൻ പോകും.

ഒരിക്കൽ രാജാവ് ആ നാട്ടിൽ വരാൻ തീരുമാനിച്ചു. രാജാവിനെ സ്വീകരിക്കാൻ ഉഗ്രൻ ചെണ്ടമേളം വേണം - നാട്ടുകാർ തീരുമാനിച്ചു. ആ നാട്ടിൽ രണ്ടു ചെണ്ടക്കാർ കൂടിയുണ്ടായിരുന്നു - കിണ്ടുവും ടുണ്ടുവും. ചെണ്ട കൊട്ടി രാജാവിനെ സ്വീകരിക്കാൻ കിണ്ടുവിന്റേയും ടുണ്ടുവിന്റേയും കൂടെ ചിണ്ടനും പുറപ്പെട്ടു . വഴിയിൽ അവർ വിശ്രമിക്കാനായി ഒരു മരച്ചുവട്ടിൽ ഇരിപ്പായി. ചിണ്ടൻ അങ്ങനെയിരുന്നു ഉറങ്ങിപ്പോയി. അപ്പോൾ കിണ്ടു ടുണ്ടുവിനോട് പറഞ്ഞു: "ഇതു തന്നെ തക്കം! നമുക്ക് മിണ്ടാതെ സ്ഥലം വിടാം ! ഈ കിളവന്റെ പഴഞ്ചൻ ചെണ്ടമേളം കേട്ടാൽ രാജാവിനു ദേഷ്യം വരും."

കിണ്ടുവും ടുണ്ടുവും സൂത്രത്തിൽ സ്ഥലം വിടാനൊരുങ്ങി. പക്ഷെ ഇതെല്ലാം മറ്റൊരാൾ കാണുന്നുണ്ടായിരുന്നു - മരത്തിനു മുകളിലെ വനദേവത!

പാവം ചിണ്ടനെ പറ്റിച്ചു കടക്കാൻ നോക്കുന്ന കിണ്ടുവിനേയും ടുണ്ടുവിനേയും ഒരു പാഠം പഠിപ്പിക്കാൻ ദേവത തീരുമാനിച്ചു. ദേവത എന്തു ചെയ്തെന്നോ? മന്ത്രം ചൊല്ലി രണ്ടുപേരെയും ഉറക്കി!

പിന്നെ ദേവത മാന്ത്രികാവടികൊണ്ട് ചിണ്ടന്റെ ചെണ്ടയിൽ ഒന്നു കൊട്ടി. 'ണ്ടിം!'. ആ ശബ്ദം കേട്ട് ചിണ്ടൻ ഉറക്കമുണർന്നു.

എല്ലാം മറന്നുറങ്ങുകയായിരുന്ന കൂട്ടുകാരെ വിളിച്ചുണർത്താൻ ചിണ്ടൻ കുറേ ശ്രമിച്ചു.പക്ഷേ , ദേവത മന്ത്രം ചൊല്ലി മയക്കിയ അവരുണ്ടോ ഉണരുന്നു! നിരാശനായ ചിണ്ടൻ ചെണ്ടയും ചുമലിലേറ്റി ഒറ്റയ്ക്ക് നടപ്പായി. രാജാവ് ഗ്രാമത്തിന്റെ കവാടത്തിൽ എത്തിയിരുന്നു. ചെണ്ടക്കാരെ കാണാതെ പരിഭ്രമിച്ചു നിൽക്കുകയായിരുന്നു എല്ലാവരും. അപ്പോഴാണ് ചിണ്ടന്റെ വരവ്.

"ഹും , താൻ മാത്രമേ ഉള്ളോ? " അധികാരി ദേഷ്യപ്പെട്ടു. "കുറേപ്പേർ വന്നു ചെണ്ടമേളം കേമമാക്കണമെന്ന് പറഞ്ഞിരുന്നതല്ലേ? രാജാവിന് ദേഷ്യം വന്നാൽ തന്റെ കാര്യം പോക്കാ!"

അതു കേട്ട മറ്റൊരാൾ പറഞ്ഞു: "ആലോചിച്ചു നിൽക്കാനൊന്നും സമയമില്ല. വേഗം കോട്ടു തുടങ്ങ്. രാജാവ് എത്തിക്കഴിഞ്ഞു." ചിണ്ടൻ രണ്ടും കല്പിച്ചു കൊട്ട് തുടങ്ങി. മാന്ത്രികവടികൊണ്ടു ദേവത കൊട്ടിയതല്ലേ ! മധുരമായ ശബ്ദമാണ് അതിൽനിന്നു പുറത്തു വന്നത്. അനേകം ചെണ്ടക്കാർ ഒന്നിച്ചു കൊട്ടുന്ന ഗംഭീരമേളം ! നാട്ടുകാർ അന്തംവിട്ടു നിന്നു. ചിണ്ടൻ എല്ലാം മറന്നു കൊട്ടോടുകൊട്ട്! അത്രയും നല്ല മേളം ആരും കേട്ടിരുന്നില്ല.

രാജാവ് അത്ഭുതത്തോടെ ചിണ്ടനെ അടുത്ത് വിളിച്ചു ധാരാളം സമ്മാനങ്ങൾ കൊടുത്തു!

# ഞണ

44

ഞാൻ ഒരു പുൽനാമ്പിനെപ്പോലും

 ചവിട്ടി നോവിക്കാത്തവൻ

ഒരു നെൽക്കതിർപോലും

 കട്ടുകൊത്താക്കിളി

മഴ നനയാതുണ്ണി, പനിവരു -

 മെന്നമതൻ

മൊഴിയോർത്തു വെയ്ക്കാൻ മറന്നവൻ

ഒരു കൂടിനുമുടമയല്ലാത്തവൻ

മനസിൻറെ പാതിയെ അറിയാതെ

 കൈവിട്ട

വഴിയോരമേതെന്നറിയാതെ

 പോയവൻ

ഒരു കൂട്ടിനും അടിമയല്ലാത്തവൻ

എങ്കിലുമെനിക്കിന്നെൻറെ നോവിനെ

ഒരു ഞണയുടെ മാറിൽനിന്നും പറിച്ചെടുക്കണം

തെളിയാൻ തുടങ്ങുമൊരു

 വിഭാതത്തെയെന്നപോൾ

അതിനെ മാത്രം കണ്ടുകണ്ടിരിക്കുവാൻ

# പണ്ടത്തെപ്പാട്ടുകൾ



നമ്മുടെ മാതാവു - കൈരളി - പണ്ടൊരു

പൊൻമണിപ്പൈതലായ് വാണകാലം



യാതൊരു ചിന്തയുമില്ലാതെ കേവലം

ചേതസി തോന്നിയ മാതിരിയിൽ,

ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ -

റോടിക്കളിച്ചു രസിച്ച കാലം -

പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ

വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ

പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ

പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം .

-വള്ളത്തോൾ

## ബഷീർ എന്ന ബല്യ ഒന്ന്

അവശൻ കക്കാടിന്റെ

ദീനശയ്യയിലന്നാൾ

അവിടന്നിരിക്കെ ഞാൻ

അർഥിച്ചേൻ: "പേരക്കുട്ടി

ഇവൾ;ഈശ്വരസത്യ-

ജ്ഞാനി സൂഫിയാം താങ്കൾ

ഇവളെ നെറുകയിൽ

തൊട്ടനുഗ്രഹിച്ചാലും!"

കുഴിയാനായി,ലാടിൽ,

അണ്ഡകോടിയിൽ സ്നേഹ-

പ്പൊരുൾ തേടിന കൈയാൽ

താങ്കളെൻ കിടാവിനെ

എടുത്തു മടിയിൽചേർ-

ത്തിരുത്തി വികൃതിക-

ളുരച്ചും കളിചിരി-

യുതിർത്തും രണ്ടാംബാല്യം

ഇബമായ് നുണച്ചിരി-

ക്കുമ്പോൾ ഞാൻ ചൊന്നേൻ:" പയ്യത്തൽ
മുണ്ടിൻമേലഴുക്കാക്കാം,
കരുതിയിരിക്കുക." 47
ഉറക്കെച്ചിരിച്ചുകൊ-
ണ്ടങ്ങുതൻ മറുപടി:
"മിടുക്കത്തിയെൻ മെയ്യിൽ
തളിച്ചോളട്ടേ തീർഥം!"
ഒന്നൊടൊന്നു ചേരുമ്പോൾ
രണ്ടാകുമെന്നേ ന്യായം,
ഹിന്ദുവും മുസൽമാനും
ആചരിപ്പതീ ദ്വൈതം
ഉണ്മയുണ്മയിൽ ചേർന്നാൽ
ഇമ്മിണി വല്യതായി-
ട്ടൊന്നുളവാകും;താങ്ക-
ളൊരുമീയദ്വൈതത്താൽ
പുഴയും പുഴയും ചേർ-
ന്നാനന്ദക്കടലാകും
കലയങ്ങതൻ കണ്ണിൽ
നിർമ്മമമായ് തിളങ്ങുന്നു.

- വിഷ്ണുനാരായണൻ നമ്പൂതിരി

## सपने का सच |



एक व्यक्ति ने एक रात सपने में देखा की वह एक बहुत ही बड़े राज्य का राजा बन गया है| सुबह जब वह उठा तो अपने रात के सपने को सच मान बैठा और खुद को राजा समझ कर प्रसन्न होता रहा|

दिन चढ़ते ही पिता ने काम पर साथ चलने को कहा लेकिन उसने पिता की बात को अनसुना कर दिया| थोड़ी देर बाद ही माँ ने जंगल से लकड़ियाँ काट लेन की आज्ञा दी लेकिन उसने लकड़ियाँ लाने से भी मना कर दिया और खुद को राजा समझ बिस्तर पर ही बैठा रहा| कुछ देर बाद ही धर्मपत्नी ने बाजार से खाने का सामान लेन को कहा लेकिन युवक ने कोई भी काम ना कर सिर्फ एक ही उत्तर दिया कि, “में राजा हूँ...में कोई काम कैसे कर सकता हूँ!

घर वाले बड़े हैरान-परेशान थे की आखिर किया क्या जाए ?

तब कमान सम्हाली उसकी छोटी बहन ने, एक-एक कर उसने सबको चोके में बैठाकर भोजन करा दिया और अकेले

खयाली महाराज ही भूखे बैठे-के-बैठे रह गए|

शाम हो गई| महाराज का भूख से बुरा हाल हो गया| शरीर में आंते कुलबुलाने लगी| आख़िरकार जब युवक से रहा नही  गया तो वह पलंग से उतर कर सीधा अपनी बहन के पास गया और बोला, ” क्यों री ! मुझे खाना नहीं देगी क्या ?”

बहन ने मुह बनाते हुए कहा, ” राजाधिराज ! रात आने दीजिये, इन्द्रलोक से परियां आकर आकाश से सीधा आपके महल में उतरेंगी, वही आपको उपयुक्त भोजन परोसेंगी| हमारे रूखे-सूखे भोजन से आपको संतोष कहाँ मिलेगा|

स्वप्न देखकर खुद को राजा समझने वाले युवक का स्वप्न टुटा और उसने मान लिया की बिना महनत के कभी भी तक्थों ताज नहीं मिलते|

# സന്യാസിയും നായയും



ഒരു കൊടുങ്കാട്ടിൽ ഒരു സന്യാസി ജീവിച്ചിരുന്നു. കായ്കനികൾ മാത്രമായിരുന്നു ആഹാരം .
ഒരു നാൾ എവിടെ നിന്നോ ഒരു നായ അലഞ്ഞു തിരിഞ്ഞ് സന്യാസിയുടെ ഗുഹയിലെത്തി.അലിവു തോന്നിയ സന്യാസി നായയെ തന്റെയൊപ്പം പാർപ്പിച്ചു.

നേരം വെളുത്താൽ നായ കാട്ടിലേക്കിറങ്ങും.പിന്നെ വൈകുന്നേരമാണ് തിരിച്ചു വരിക.
സന്യാസിയെപ്പോലെ കായ്കനികൾ തിന്നു വിശപ്പടക്കാൻ നായയ്ക്കു കഴിയില്ലല്ലോ. വല്ലതും എരിവും പുളിയുമുള്ളതും വേണം നായയ്ക്ക്.

ഒരിക്കൽ നായ കാട്ടിൽ ഭക്ഷണമന്വേഷിച്ച് നടക്കുകയായിരുന്നു. അതാ, മരച്ചുവട്ടിൽ ഒരു കടുവ! നായയെ കണ്ടതും കടുവ ഒറ്റച്ചാട്ടം. ഒരു നിമിഷം കൊണ്ട് നായ ഓടെടാ ഓട്ടം!

നായ ചെന്നുനിന്നത് സന്യാസിയുടെ ഗുഹക്കകത്താണ്.

"എന്താ, എന്തുപറ്റി?" നിന്നു കിതയ്ക്കുന്ന നായയെ നോക്കി സന്യാസി തിരക്കി.

"ഒരു കടുവ എന്നെ പിടിക്കാൻ വന്നു." നായ പറഞ്ഞു.

സന്യാസി എന്തോ മന്ത്രം ചൊല്ലിയ മാത്രയിൽ നായ വലിയൊരു കടുവയായി മാറി. രൂപം മാറിയ നായ ഗുഹക്കു പുറത്തേക്കു വന്നു. മുന്നിൽ ഭീമാകാരനായ കടുവയെ കണ്ട് ജീവനും കൊണ്ട് ആദ്യത്തെ കടുവ കാട്ടിൽ മറഞ്ഞു.

നായയ്ക്ക് പിന്നീട്, മറ്റു പല വലിയ മൃഗങ്ങളെയും നേരിടേണ്ടി വന്നു. അപ്പോഴെല്ലാം സന്യാസി തന്റെ മാന്ത്രിക ശക്തികൊണ്ട് നായയെ ആ മൃഗമാക്കി മാറ്റി. ചുരുക്കി പറയാമല്ലോ, ഓരോ തവണയും നായ രക്ഷപെട്ടു.

ദിവസങ്ങൾ കഴിഞ്ഞു. ഒരിക്കൽ നായ തന്നെയൊരു സിംഹമാക്കണമെന്നു പറഞ്ഞു കൊണ്ടാണ് ഗുഹയിലെത്തിയത്. കാട്ടിലെ രാജാവായ സിംഹത്തെ തോൽപ്പിക്കണമെങ്കിൽ അതേ വഴിയുള്ളുവെന്ന് നായ പറഞ്ഞു. സന്യാസി തന്റെ മന്ത്രശക്തി കൊണ്ട് നായയെ ഒരു സിംഹമാക്കി.

ഇനി തനിക്ക് ആ രൂപം മതിയെന്ന് നായ തീരുമാനിച്ചു.മറ്റ് ഒരു മൃഗത്തെയും ഭയപ്പെടേണ്ടല്ലോ. സിംഹം പുറത്തൊന്നും പോകാതെ ആ ഗുഹയിൽ കഴിഞ്ഞു കൂടി. കുറച്ചു കഴിഞ്ഞപ്പോൾ സിംഹത്തിനു വിശക്കാൻ തുടങ്ങി. പുറത്തു പോയി വേട്ടയാടാൻ അതിനു മടി തോന്നി. വിശപ്പടക്കാൻ സന്യാസിയെ തന്നെ ശാപ്പിടാമെന്ന് സിംഹം തീരുമാനിച്ചു.

സന്യാസി പുറത്തുപോയി മടങ്ങി വന്നപ്പോൾ അതാ സിംഹം ആക്രമിക്കാൻ തയ്യാറായി നിൽക്കുന്നു! അത് സന്യാസിയുടെ നേരെ ചാടി വീണു.

ഒരു ക്ഷണം. സന്യാസി മന്ത്രം ചൊല്ലി. അതോടെ സിംഹം പഴയ നായയായി. തന്റെ മുൻപിൽ വാലാട്ടി നിന്ന നായയെ സന്യാസി പുറത്താക്കി ഗുഹയുടെ വാതിലടച്ചു.

# ആത്മഹത്യ



എന്തിനോ വേണ്ടി
യുഴറുന്ന ജീവിതം
ഇടറുന്നവെന്നറിഞ്ഞൂ ഞാൻ
എന്നിട്ടുമശ്രുക്കൾ മാത്രമുതിർ
ത്തുകൊണ്ടോടി നടന്നപ്പോൾ
ഞാനവളെ മറന്നു
കൂട്ടുകാരിയെ മറന്നു
ഒരു വാക്കും പറയാതെ
നിശ്ചയിച്ചന്നു ഞാൻ
നയനങ്ങൾ മറയ്ക്കാൻ ശ്രമിച്ചു
നയനങ്ങൾ അടയ്ക്കാൻ ശ്രമിച്ചു
പാളിയ ചിന്തകൾ
കൈപിടിച്ചെന്നെയീ
പാതയിലേക്ക് നയച്ചു
അപ്പോഴതാ എന്റെ നിഴൽ
എന്നെ ചീത്തവിളിക്കുന്നുവെന്നു
ഞാൻ

        കാണുന്നു.

# TWO MICE AND A CAT....

*once upon a time there are two mice called Tony and Ting. Tony and ting are good friends.*

*One day Tony and ting walked to village. They are meet a cat. The cat is crying "why are you crying".Ting asked "I drink a bowl of milk from a home. At that time a grand mother throw a stone in my body". Cat said are you hungry? Tony asked. Yes. Cat replied OK! But which type food you like? Tony said I like fish very very much, cat said Tony and ting running from a lake. They are reached lake. Then catch two fishes. "Please. Don't attack me'. One fish said.'why are you catch me'?. 'you don't like me' second fish said. Yes,but I catch to my friend cat'. Ting said ''please don't attack me", the two fishes said continues, Tony and Ting not listen fishes words. Tony and Ting are return to cat.*

*Cat eats the two fishes. Then cat invited ting and Tony in her home. They we go to the tom house. The intelligent cat eat two mouse.*


# TREE IS A BOON

Raju and ramu were lived in a small village called lohatpur.they were best friends.one day,they were went to forest .many persons who started to cut trees on the forest.ramu and raju tried to stop this cruelity.But that cruel persons didn't tried to understand their words.

At that time rain showers fastly.the persons who came under a big tree.not only the persons who stood under the tree. Ramu and raju also stood there.they advice the person that “if you cut the trees,
you will cheated by rain,but now,the trees are protected as a god............”

The person had understand their mistakes.after they were planted many plants.

# നഗരത്തിൽ ഒരു യക്ഷൻ



മാഞ്ഞു  പുതുമ വിവാഹിതയാം മുമ്പു
നീയണിയാറുള്ള ഭംഗികൾക്കൊക്കെയും
വേനലിൻ ചൂടിൽ വരണ്ടു , കൊടുംമഞ്ഞു-
കാലത്തഭംഗികലർന്നു നിൻചുണ്ടുകൾ
പേന മരിച്ചു കിടപ്പൂ നിൻ ട്രങ്കിന്റെ
മൂലയിൽ , കൊക്കുകൾ പൂട്ടിയിരുന്നു നാം .
എത്രയോ ദമ്പതിമാർ തൻ മധുവിധു-
ച്ചിത്രങ്ങൾതൂങ്ങും തളത്തിലെ ഭിത്തിമേൽ
നാമന്നു നിഷ്കർഷ പാലിച്ചെടുത്തൊരാ-
ച്ഛായയും തൂങ്ങിക്കിടപ്പുണ്ടൊരോർമ്മയായ്.
മാറ്റമുണ്ടാകയാൽ രണ്ടുനാൾ ദൂരത്തി-
ലുള്ള തിരക്കാർന്ന പട്ടണം പൂകി ഞാൻ
ഓഫീസിലൊപ്പം പണിയെടുക്കുന്നവ-
രൊത്തൊരു 'ലോഡ്ജി' ൽ കഴിയുന്ന വേളയിൽ
നിന്നഭാവത്തിലനുഭവിക്കുന്നു ഞാ-
നമ്മയെപ്പണ്ടു പിരിഞ്ഞതിൻ വേദന.
വീറുപിടിച്ചവർ വാദിച്ചു വിശ്രമ-
വേളയിൽ വൃത്താന്തപത്രക്കുറിപ്പുകൾ.
ബാല്യകാലത്തിൻ നുറുങ്ങുകഥകളാൾൽ
പിന്നെയും മാധുരി ചേർത്തു നീ കാപ്പിയിൽ
ബോംബെയിൽ താമസിച്ചീടുമമ്മായിതൻ
വീമ്പും പകൽവന്ന ഭിക്ഷുവിൻ ദൈന്യവും

## " "The Diamond Necklace”



Madame Mathilde Loisel has always imagined herself an aristocrat, despite being born into a lower-middle-class family.. She marries a low-paid clerk who tries his best to make her happy but has little to give. Through lots of begging at work, her husband is able to get an invitation for the both of them to the Ministry of Education party. Mathilde refuses to go, for she has nothing to wear, and wishes not to be embarrassed.

GYDE MAUPASSANT

Her husband is upset to see her displeasure and, using all the money that he was saving to buy a hunting rifle, gives Mathilde 400 francs to use. Mathilde buys a dress but is still unhappy because she lacks jewels to wear with it. The couple does not have much money left, so her husband suggests that she should buy flowers to wear with it. After Mathilde disagrees, he suggests borrowing something from her friend, Madame Jeanne Forestier. Mathilde borrows Madame Forestier's fanciest piece, a huge diamond necklace. After attending the party, Mathilde discovers that she has lost the necklace. She tries to find a quick way to replace it. She goes to the Palais-Royal shop and finds a similar necklace for 40,000 francs but they could get it for 36,000 francs. The couple sells everything they own and must secure loans at high interest rates to pay for the necklace.

I AM SORRY

Why say I'm sorry
for something in which
you had nopart?

Because, shallow as those
two words may seem...

the gesture plays
a pivotal role in
healing a broken heart.

# പാരിൻെറ നന്മയ്ക്കത്രേ...

*ഞാൻ നിങ്ങൾക്കൊരു മാന്ത്രികസൂക്തം തരാം.*

*നിങ്ങൾ സംശയഗ്രസ്തരാകുമ്പോഴോ അഹന്ത നിങ്ങളിൽ അതിരുകവിയുമ്പോഴോ ഈ ഒരു ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി.*

*നിങ്ങൾ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ദരിദ്രനായ,നിസ്സഹായനായ മനുഷ്യൻെറ മുഖം സങ്കൽപ്പിച്ചുനോക്കുക . എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന സ്വയം ചോദിച്ചുനോക്കുക. അതുകൊണ്ട് അയാൾക്ക് എന്തെങ്കിലും നേട്ടമുണ്ടാകുമോ? അതയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെ മേൽ എന്തെങ്കിലും ഒരു നിയന്ത്രണം ഉണ്ടാക്കിക്കൊടുക്കുമോ? മറ്റൊരു രീതിയിൽ പറഞ്ഞാൽ, നമ്മുടെ നാട്ടിൽ ആധ്യാത്മികമായും ശാരീരികമായും പട്ടിണികിടക്കുന്ന കോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാകുമോ?*

*അപ്പോൾ സംശയങ്ങളില്ലാതാകുന്നകായും അഹന്ത അലിഞ്ഞുപോകുന്നതായും നിങ്ങൾക്ക് അനുഭവപ്പെടും.*

# ചന്ദനം...

രാവിലെയീറൻ കെട്ടി
നിന്നുകൊണ്ടരയ്ക്കുന്നു
കാമിനി ചാണക്കല്ലിൽ
ചന്ദനം - ഇതു കാൺകേ,
അന്തരാ കഥിച്ചു ഞാൻ:
ഓമനേ തവ ജീവ -
ചന്ദന സുരഭില -
മല്ലി മാമക ജന്മം.
നിൻെറ കയ്യെത്താത്തേടം
നിൻെറ കണ്ണെത്താത്തേടം
നീയാകെയെത്താത്തേ -
മില്ലയീക്കുടുംബത്തിൽ.
നീ തൊടും പൊട്ടിങ്ങനെ
വിയർപ്പിൽക്കുതിരുമ്പോൾ,
ശ്രീദേവി, സഹജീവി -
യായ ഞാനസൂയാലു ;
നീയര, ഞ്ഞരഞ്ഞില്ലാ -
താവുന്ന ദിനംതോറും
സ്വീയമാം സൗരഭ്യവും
നിറവും കുളർമയും
എനിക്കും കിടാങ്ങൾക്കു -
മങ്ങനെ ലോകത്തിന്നും
കനിഞ്ഞു പകരുന്ന
പരമാനന്ദത്തോടെ.

- (ജാലകപ്പക്ഷി) ഒളപ്പമണ്ണ

# DING DONG BELLS

Ding Dong
Ding Dong
All the bells are ringing
Ding Dong
Ding Dong
It's a happy holiday
Ding Dong
Ding Dong
All the bell are singing
Ding Dong
Ding Dong
How nice to hear the ding.........

# കണ്ണാടി

കിടാവിൻെറ കരച്ചിലായിരുന്നു
പാലുകാരൻ തോമസുകുട്ടിയുടെ
കണ്ണാടിയിൽ കണ്ടത്;
മുട്ടക്കാരൻ മൂസക്കാൻേറതിൽ
തള്ളക്കോഴിയുടെ സ്വപ്നങ്ങളും
റോഡു പണിക്കു പോകുന്ന
കുന്നിൻെറ കണ്ണാടിയിൽ കണ്ടത്
ഇളംവെയിലിൽ കുളിച്ച്
ഈറനണിഞ്ഞു നിൽക്കുന്ന
തേങ്ങോലകളോടുള്ള
പാതിപ്പൂത്ത പ്രേമമയിരുന്നു.
പക്ഷേ,
തെരുവിലെ തട്ടുകടയുടെ
കണ്ണാടിയിൽ കണ്ടത്
രാത്രിയാവാനുള്ള തിടുക്കമാണ്.